# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 101

26.09.2011-ൽ മറുപടിയ്ക്ക്

### ലോട്ടറി ഇടപാട് സി.ബി.ഐ. അന്വേഷണ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബെന്നി ബെഹനാൻ.<br>ശ്രീ.പി.സി.വിഷ്ണുനാഥ്.<br>ശ്രീ.അൻവർ സാദത്ത്.<br>ശ്രീ.കെ.ശിവദാസൻ നായർ. | ശ്രീ.ഉമ്മൻ ചാണ്ടി.<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ലോട്ടറി ഇടപാട് സംബന്ധിച്ച സി.ബി.ഐ. കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ; | (എ, ബി, സി, ഡി, ഇ) | അന്യസംസ്ഥാന ലോട്ടറികളുടെ അനധികൃത വിൽപ്പന സംബന്ധിച്ച് സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്തിരുന്ന 32 കേസുകൾ അന്വേഷണത്തിനായി സി.ബി.ഐ.യ്ക്ക് കൈമാറുകയുണ്ടായി. ഈ 32 കേസുകളിലും സി.ബി.ഐ. എഫ്.ഐ.ആർ. സമർപ്പിച്ചിട്ടുണ്ട്. ഇതിനു പുറമേ ഈ വിഷയം സംബന്ധിച്ച് കൂടുതൽ അന്വേഷണ വിഷയമാക്കേണ്ട മറ്റു ചില കാര്യങ്ങൾ കൂടി |
| (ബി) | സി.ബി.ഐ.യുടെ അന്വേഷണ പരിധിയിൽ ഇപ്പോൾ ഏതൊക്കെ കാര്യങ്ങളാണ് നിലവിലുള്ളത് ; | | |
| (സി) | ലോട്ടറി ഇടപാടിന്റെ വ്യാപ്തി വലുതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |

......2

| | |
|---|---|
| (ഡി) ഉണ്ടെങ്കിൽ കൂടുതൽ കാര്യങ്ങൾ സി.ബി.ഐ-യുടെ അന്വേഷണ പരിധിയിൽ കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്; | സി.ബി.ഐ-യുടെ അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തി തുടർ വിജ്ഞാപനം പുറപ്പെടുവിക്കുകയും ആയതിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിനായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |
| (ഇ) ഇതിനായി എന്ത് നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | |

സെക്ഷൻ ഓഫീസർ.